5905
18/3/17

0

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **തിരുവനന്തപുരം ജില്ല** - ശ്രീമതി.ജുനൈദാ ബീവിയുടെ വസ്തുവിന് സംരക്ഷണ ഭിത്തി കെട്ടുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ) നം:1160/17/റവ.** **തിരുവനന്തപുരം, തീയതി, 16/03/2017**

==========================================================================

**പരാമർശം:** 1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 06.06.2016 തീയതിയിലെ എച്ച്.ആർ.എം.പി.നം.3931/2016 നമ്പർ തീർപ്പ്.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 10/2016-ലെ ബി14-46890/2016 നമ്പർ കത്ത്.

3. ധനകാര്യവകുപ്പിന്റെ 06.02.2017-ലെ സ.ഉ.(സാധാ) നം.910/2017/ധന.

**ഉത്തരവ്**

തിരുവനന്തപുരം താലൂക്കിൽ തിരുമല വില്ലേജിൽ റീസർവ്വെ 203/6-ൽ തണ്ടപ്പേർ നം.20346 ഉൾപ്പെട്ട 1 സെന്റ് സ്ഥലത്തിന് കിഴക്കുവശത്തായി ടി വില്ലേജിൽ റീസർവ്വെ 203/34-ൽ തണ്ടപ്പേർ നം.20371 ശ്രീ.സൈനുലാബുദ്ദീൻ-ന്റെ ഉടമസ്ഥതയിലുള്ള 12.56 ആർ സ്ഥലത്തുനിന്നും അപകടകരമായ രീതിയിൽ മണ്ണിടിച്ച് മാറ്റിയതുമായി ബന്ധപ്പെട്ട് തിരുമല വെത്തോട്ടുകുന്നിൽ വീട്ടിൽ ശ്രീമതി.ജുനൈദാ ബീവിയുടെ പരാതിക്കാസ്പദമായ പുരയിടത്തിന് സംരക്ഷണഭിത്തി കെട്ടി നൽകണമെന്ന് പരാമർശം 1 ഉത്തരവ് പ്രകാരം മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. പരാതിക്കാസ്പദമായ സ്ഥലം റവന്യൂ ഡിവിഷണൽ ഓഫീസർ നേരിട്ട് പരിശോധിച്ചതിൽ പരാതി കക്ഷിയുടെ പുരയിടം പൂർണ്ണമായും ഇടിഞ്ഞു പോയിട്ടുള്ളതും, ടി സ്ഥലത്ത് ഉദ്ദേശം 20 മീറ്റർ നീളത്തിലും, 15 മീറ്റർ പൊക്കത്തിലും സംരക്ഷണഭിത്തി അടിയന്തിരമായി നിർമ്മിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം പ്രസ്തുത സ്ഥലം ഉൾപ്പെടുന്ന പ്രദേശം ചരിഞ്ഞ പ്രദേശമായതിനാൽ മറ്റു വാസഗൃഹങ്ങൾക്കും അപകടമുണ്ടാകത്തക്ക രീതിയിൽ ഇടിഞ്ഞ് വീഴാൻ സാധ്യതയുള്ളതുമാണ്. പ്രസ്തുത സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും ഫണ്ടും അനുമതിയും ലഭിച്ചാൽ മാത്രമെ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളു എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് എസ്.ഡി.ആർ.എഫ്.-ന്റെ ഭാഗമല്ലാതെയുള്ള ദുരന്ത/അത്യാവശ്യ ചെലവുകൾ നേരിടുന്നതിനായി കളക്ടർമാർ സാധാരണയായി തുക ചെലവഴിക്കുന്ന 2053-00-093-99-34-3(NP)എന്ന ശീർഷകത്തിൽ റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള പൊതുമരാമത്ത് എസ്റ്റിമേറ്റ് തുകയായ 18 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ച് കൊണ്ട് പരാമർശം 3 പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവായിട്ടുണ്ട്. ധനകാര്യ വകുപ്പ് ഉത്തരവായത് പ്രകാരം തുക ചെലവഴിക്കുന്നതിനും സംരക്ഷണ ഭിത്തി കെട്ടിനൽകുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്ക് ചെലവായ തുക എതിർ കക്ഷികളിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറും, ലാന്റ് റവന്യൂ കമ്മീഷണറും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**